# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ :

കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 46/11/12/2022/ TVM**

പരാതികക്ഷികൾ : വി.വിജയകുമാർ,കാർത്തിക,വെട്ടിയറ നാവായിക്കുളം,വർക്കല, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 16.05.2024**

കേസ് നമ്പർ 8002/22 ആയി പരാതികക്ഷി നൽകിയ പരാതിയിന്മേൽ കമ്മീഷൻ ഒരു ഉത്തരവ് 24.03.2023 തീയതി പാസ്സാക്കിയിരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങികൊണ്ടിരിക്കുന്ന പരാതിക്കാരന്റെ പെൻഷൻ തുക 2022 മുതൽ തടഞ്ഞു വച്ചതായ പരാതിയിന്മേൽ എത്രയും വേഗം പെൻഷൻ കൊടുക്കണമെന്ന് പ്രസ്തുത ഉത്തരവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. കമ്മീഷന്റെ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ലായെന്ന് കാണിച്ചാണ് ഈ പരാതി നൽകിയിട്ടുള്ളത്.

കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഒരു Action Taken Report സമർപ്പിച്ചു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരാതികക്ഷിക്ക് അർഹതപ്പെട്ട 2022 ജനുവരി മാസം മുതൽ 2022 ഡിസംബർ മാസം വരെയുള്ള കുടിശ്ശിക പെൻഷൻ അനുവദിച്ചു നൽകുന്നതാണെന്നും, ഈ ഓഫീസിൽ നിന്നും അവസാനമായി വിതരണം ചെയ്ത 2023 ജനുവരി മാസത്തെ പെൻഷൻ ടിയാന് അനുവദിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പരാതികക്ഷിക്ക് അർഹതപ്പെട്ട കുടിശ്ശിക തുക എത്രയും വേഗം ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ച് പരാതിതീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ